(ബി) വളരെ ഉദാരമായ രീതിയിലും ലഘൂകരിച്ച നടപടിക്രമങ്ങളിലൂടെയുമാണ് സഹകരണ സ്ഥാപനങ്ങൾ കാർഷികവായ്പകൾ നൽകിവരുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നബാർഡിന്റെ റീഫിനാൻസ് ഇല്ലാതിരുന്നതിനാൽ 12 ശതമാനം പലിശയ്ക്കാണ് സ്വന്തം ഫണ്ടിൽ നിന്നും കാർഷികവായ്പ നൽകിയിരുന്നത്. ഇപ്പോൾ പുനർവായ്പ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 8.5 ശതമാനം പലിശയ്ക്ക് നൽകിവരുന്നുണ്ട്. പുനർവായ്പ ഇല്ലാതെവരുമ്പോൾ കാർഷികവായ്പയ്ക്ക് 10.5 ശതമാനം പലിശ ഈടാക്കിവരുന്നുണ്ട്.

(ഡി) മൊത്തം വായ്പയുടെ 25 ശതമാനത്തിൽ കുറയാത്ത തുകയാണ് കർഷകർക്ക് നൽകേണ്ടത്.

(ഇ) കാർഷികമേഖലയുടെ സർവ്വതോന്മുഖമായ പുരോഗതി 2004-2005-ൽ കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കണമെന്ന കേന്ദ്ര ധനകാര്യമന്ത്രി നടത്തിയ പ്രഖ്യാപനം, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ തീരുമാനം, സെൻട്രൽ ബാങ്ക് കോൺഫറൻസിലെ തീരുമാനം എന്നിവ കണക്കിലെടുത്താണ് ചുരുങ്ങിയ പരിധി നിർണ്ണയിച്ചത്.

(എഫ്) പരിധി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കരിമണൽ ഖനനം സംബന്ധിച്ച് അന്വേഷണം

*20 [97] *ശ്രീ. സി. മമ്മൂട്ടി:*
„ *യു. സി. രാമൻ:*
„ *ഇസ്മായിൽ കുരിക്കൾ:*
„ *നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമണൽ ഖനനം സംബന്ധിച്ച് ജസ്റ്റിസ് ജോൺ മാത്യു കമ്മിഷൻ റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ വെളിപ്പെടുത്തുമോ;

(സി) കമ്മീഷന്റെ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഉണ്ട്.

(ബി) കരിമണൽ ഖനനത്തെക്കുറിച്ച് പഠനം നടത്തിയ ജസ്റ്റിസ് കെ. ജോൺ മാത്യു കമ്മിഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ കൊടുക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(1) ആറാട്ടുപുഴ-തൃക്കുന്നപ്പുഴ ഭാഗത്ത് കടൽത്തീരത്ത് തറനിരപ്പിൽനിന്നും 30 സെ. മീറ്ററിൽ കൂടാത്ത താഴ്ചയിൽ മാത്രം കരിമണൽ വാരി ശേഖരിക്കാവുന്നതാണ്.

(2) ബാരിയർ ബീച്ചിൽനിന്നും കരിമണൽ ഒന്നുമുതൽ രണ്ടു മീറ്റർ വരെ താഴ്ചയിൽ ചെറിയ ചെറുകിട ഡ്രഡ്ജ് ഉപയോഗിച്ച് ചെറിയ ഭാഗങ്ങളിൽനിന്നും എടുക്കാവുന്നതാണ്. കരിമണൽ എടുക്കുന്നതിനോടൊപ്പംതന്നെ ഇപ്രകാരം ഉണ്ടാകുന്ന കുഴികൾ നികത്തേണ്ടതുമാകുന്നു.

(3) കായലിന്റെ അടിത്തട്ടിലുള്ള കരിമണൽ കുട്ടകൾ ഉപയോഗിച്ച് മുങ്ങിവാരാവുന്നതാണ്.

(4) മേൽപ്പറഞ്ഞ രീതിയിലുള്ള ഖനനപ്രവർത്തനങ്ങൾ ഒരു വർഷം നിരീക്ഷിച്ചശേഷം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കണ്ടെത്തലുകൾക്കും ശുപാർശകൾക്കും അനുസരിച്ച് കൂടുതൽ വലിപ്പമുള്ള ഡ്രഡ്ജറുകൾ ഉപയോഗിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(5) മൈൻസ് ആന്റ് മിനറൽസ് (ഡവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ട്, 1957 നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തണം.

(6) ടി നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പരിപാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ഒരു ഓഫീസ് ആറാട്ടുപുഴ-തൃക്കുന്നപ്പുഴ ഭാഗത്ത് ആരംഭിക്കേണ്ടതാണ്.

(സി) റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

കെ. എസ്. ആർ. ടി. സി. യുടെ വസ്തുക്കൾ സംരക്ഷിക്കുന്നതിന് നടപടി

*21 [98] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*
„ *എ. കെ. ബാവൻ:*
„ *ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ വസ്തുക്കൾ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ലീസിന് കൊടുക്കുന്നതോ വിൽക്കുന്നതോ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കെ. എസ്. ആർ. ടി. സി. യുടെ സ്വത്തുക്കൾ പൂർണ്ണമായും സംരക്ഷിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly